LIBRARY ARCHIVES Kerala Legislative Assembly

ഉണ്ണികുളം പഞ്ചായത്ത്

1. ഉളിങ്കുന്ന് ശുദ്ധജലവിതരണ പദ്ധതി

2. ഉണ്ണിക്കുളം ശിവപുരം ശുദ്ധജലവിതരണ പദ്ധതി

3. പൂനൂർ ശുദ്ധജലവിതരണ പദ്ധതി

4. നീലഞ്ചേരി മല ശുദ്ധജലവിതരണ പദ്ധതി

(ii) മറ്റ് സ്കീമുകൾ

കൊയിലാണ്ടി മണ്ഡലത്തിൽ, ജലനിധി ഒന്നാംഘട്ടത്തിൽ, ചെങ്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 29 കുടിവെള്ള പദ്ധതികളും ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 28 കുടിവെള്ള പദ്ധതികളും നടപ്പാക്കി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതാണ്.

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കൊയിലാണ്ടി കുടിവെള്ള പദ്ധതിയിൽ ടാങ്കില്ലാത്തതിനാൽ നേരിട്ട് വിതരണ ശൃംഖലയിലേക്ക് പമ്പ് ചെയ്താണ് ജലവിതരണം നടത്തുന്നത്. ജലലഭ്യതയുള്ള ഈ പദ്ധതിയിൽ പുതുതായി ഒരു ഉന്നതതല സംഭരണി നിർമ്മിച്ച് വിതരണ ശൃംഖല ദീർഘിപ്പിച്ചാൽ ഉരുകുലം ബീച്ച് കുത്തമ്പള്ളി എന്നീ തീരപ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന 12-ഓളം കുടുംബങ്ങൾക്ക് ജലവിതരണം നടത്താൻ കഴിയും. ഇതിനായി ഉദ്ദേശം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ഉരുകുലം, കുത്തമ്പള്ളി എന്നീ തീരപ്രദേശങ്ങളിലായി കുടിവെള്ള വിതരണം നടത്തുന്നതിനായി ഉദ്ദേശിക്കുന്ന മേൽ പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ലഭ്യമാകുകയാണങ്കിൽ വിശദമായ പഠനം നടത്തി ഒരു മാസത്തിനുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ വാട്ടർ അതോറിറ്റിക്ക് കഴിയുന്നതാണ്.

ചേർത്തലയിലെ കുടിവെള്ള വിതരണം

177 (4980) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് ലൈനിൽ മറവൻതുരുത്ത് മേഖലയിലുള്ള ഏകദേശം നാലര കിലോമീറ്റർ ദൂരം ജി.ആർ.പി.

പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്നതിന് ആറ് മാസങ്ങൾക്ക് മുമ്പ് മുഖ്യമന്ത്രിയുടെ ചുമതലയിൽ വിളിച്ചുചേർത്ത യോഗത്തിൽ കൈക്കൊണ്ട തീരുമാനം നടപ്പിലായോ ; അതിന്റെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പമ്പിംഗ് ശരിയായ തോതിൽ നടക്കാത്തതുമൂലം ചേർത്തലയിൽ പലയിടങ്ങളിലും നാല് ദിവസം കൂടുമ്പോഴാണ് കുടിവെള്ളമെത്തുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ജപ്പാൻകുടിവെള്ള പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുവാനും ചേർത്തലയിലെ മുഴുവൻ ജനങ്ങൾക്കും നിത്യവും കുടിവെള്ളം എത്തിക്കുവാനും എന്തൊക്കെ നടപടി കൈക്കൊള്ളുമെന്നും എന്നത്തേക്ക് പൂർണ്ണമായ അർത്ഥത്തിൽ ജലവിതരണം സാധ്യമാക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 28-3-2015 -ന് കൂടിയ യോഗതീരുമാനപ്രകാരം മറവൻതുരുത്തിലെ ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഡെൽഹി ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചതിനാൽ ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാലുടനെ പൈപ്പ് മാറ്റിയിടുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടി (എ),(ബി) പിരിവുകളുടെ മറുപടിയിൽ ഉൾക്കൊണ്ടിട്ടുണ്ട്.

(ഡി) മറവൻതുരുത്തിലെ ജി.ആർ.പി. പൈപ്പ് മാറ്റി എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതോടെ പമ്പിംഗ് പൂർണ്ണ തോതിലാക്കി ജപ്പാൻ കുടിവെള്ള പദ്ധതി പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുവാൻ സാധിക്കും. കൂടാതെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചേർത്തല ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തലയിലെ 18 പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കായി അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആകെ 8 പാക്കേജ് ഉള്ളതിൽ പാക്കേജ് IV, VI എന്നിവയുടെ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി 6 വർക്കുകൾ അവാർഡ് ചെയ്തെങ്കിലും എൻ.ഐ.റ്റി. പ്രകാരം പെർഫോർമൻസ് ഗാരന്റി വയ്ക്കേണ്ടതിനാൽ കോൺട്രാക്ടർമാർ എഗ്രിമെന്റ് വച്ചിട്ടില്ല. പെർഫോർമൻസ് ഗാരന്റി ഒഴിവാക്കി കിട്ടുന്നതിന് പ്രസ്തുത കരാറുകാർ വാട്ടർ അതോറിറ്റിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു. ടി വിഷയം പരിഹരിച്ച് കരാറുകാർ എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ 9 മാസത്തിനകം വർക്ക് പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

ജലഗുണനിലവാര പരിശോധനയ്ക്കായി ലാബുകൾ

178 (4981) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ജലഗുണനിലവാര പരിശോധനയ്ക്കായുള്ള ലാബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളാ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് കേരളാ വാട്ടർ അതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ ഇൻഡ്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്നരീതിയിൽ ഗുണനിലവാര പരിശോധന നടത്തി പരിശോധനാഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നുണ്ട്. ഇപ്രകാരം പ്രവൃത്തിക്കുന്ന 14 ജില്ലാതല ലാബുകൾ വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly